Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

രൂക്ഷമാകുന്ന ഘട്ടങ്ങളിൽ ജിയോബാഗുകൾ, മണൽ ചാക്കുകൾ തുടങ്ങിയ താൽക്കാലിക പരിഹാര മാർഗ്ഗങ്ങൾക്കായി സംസ്ഥാന ദുരന്ത പ്രതികരണനിധി ഉപയോഗപ്പെടുത്തി ഒരു പഞ്ചായത്തിന് പരമാവധി 4 ലക്ഷം, മുനിസിപ്പാലിറ്റിക്ക് 5 ലക്ഷം, കോർപ്പറേഷന് 7 ലക്ഷം, എന്നിങ്ങനെ തുക ഉപയോഗിച്ചുകൊണ്ട് കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിലവിൽ തീരസംരക്ഷണത്തിനായി ടെട്രാപോഡുകൾ ഉപയോഗിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ശാസ്ത്രീയമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഇടങ്ങളിൽ കടൽ ഭിത്തി നിർമ്മിച്ചും 50 മീറ്റർ വേലിയേറ്റ പരിധിയുടെ അകത്തുവരുന്ന ദുരന്ത സാധ്യതയുള്ള വീടുകളിൽ താമസിക്കുന്നവരെ അപകടങ്ങൾ സംഭവിക്കുന്നതിനു മുൻപായി തന്നെ പുനരധിവസിപ്പിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതി കൂടുതൽ വിപുലമാക്കുകയും വേണം. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളെ ബാധിക്കാത്ത തരത്തിലും അവരുടെ കൂടി പങ്കാളിത്തത്തോടെയും പ്രസ്തുത പദ്ധതി ജനകീയമായി നടപ്പിലാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

പ്രകൃതിക്ഷോഭത്തിൽ തകരുന്ന ഗ്രാമീണ റോഡുകൾ

230 (979) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തിൽ തകരുന്ന ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി ഫ്ളഡ് പദ്ധതി പ്രകാരം അനുവദിക്കുന്ന പ്രവൃത്തികൾ കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്; പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര സ്വഭാവത്തിലുള്ള പുനരുദ്ധാരണത്തിന് (Immediate repair/ restoration) മാത്രമാണ് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ഭരണാനുമതി നൽകുന്നത്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണത്തിനായി, ഭരണാനുമതി ഉത്തരവ് തീയതി മുതൽ ആറ് മാസത്തിനകം കരാറിലേർപ്പെടേണ്ടതും ഭരണാനുമതി ഉത്തരവ് തീയതി മുതൽ ഒന്നര വർഷത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. ടി പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസോ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പാർട്ട് ബിൽപേയ്മെന്റോ അനുവദനീയമല്ല. പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ ബിൽത്തുക അനുവദിക്കാനാകൂ. കൂടാതെ പ്രസ്തുത പ്രവൃത്തികൾ ലാഭകരമല്ല എന്ന

LIBRARY ARCHIVES Kerala Legislative Assembly

കാഴ്ചപ്പാടും എസ്റ്റിമേറ്റ് അംഗീകരിച്ചശേഷവും ഇടയ്ക്കിടെ നിർമ്മാണ സാമഗ്രികളുടെ വിലയിലുണ്ടാകുന്ന വർദ്ധനവും പ്രതികൂല കാലാവസ്ഥയും നിലവിൽ കോവിഡ്-19-നെ ത്തുടർന്നുള്ള പ്രതികൂല സാഹചര്യങ്ങളുംമൂലം സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനാകില്ലെന്ന ധാരണമൂലമാണ് ചില കരാറുകാർ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽനിന്നും പിന്മാറുന്നത്.

(ബി) ആയത് പരിഹരിക്കുന്നതിനായി എന്തു നടപടി സ്വീകരിക്കുവാനാണ് സർക്കാർ ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രതികൂലമായ സാഹചര്യങ്ങളാൽ സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കാനാകാത്ത സാഹചര്യം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്യുമ്പോൾ ആയത് പരിശോധിച്ച് പ്രവൃത്തികൾക്ക് ആവശ്യമെങ്കിൽ കാലാവധി നീട്ടി നൽകാറുണ്ട്. 2019-ലെ പ്രളയം, അതേ വർഷം നടന്ന ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി നിലനിന്നിരുന്ന പെരുമാറ്റച്ചട്ടം, കോവിഡ് മഹാമാരി എന്നിവമൂലം പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് നിരവധി ദിവസങ്ങൾ നഷ്ടപ്പെട്ട സാഹചര്യത്തിൽ 2019 ഏപ്രിൽ 1 മുതൽ 2020 ജൂൺ 18 വരെ ഭരണാനുമതി നല്കിയിരുന്ന പ്രവൃത്തികൾക്ക് കരാറിലേർപ്പെടുന്നതിന് 2021 മാർച്ച് 31 വരെ സമയമനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നല്കിയിരുന്നു. ടെണ്ടർ നടത്തുമ്പോൾ കരാറുകാർ ആരും പങ്കെടുക്കാത്ത സാഹചര്യം ഉണ്ടായാൽ റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹിക്കുന്ന നടപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ചുവരുന്നത്. ഇത്തരം പ്രവൃത്തികൾ പ്രദേശവാസികളായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗുണഭോക്തൃ കമ്മിറ്റികൾ വഴിയും നടപ്പാക്കാവുന്നതാണ്.

(സി) പ്രസ്തുത ഫ്ളഡ് പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞാൽ കരാറുകാർക്ക് യഥാസമയം തുക ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ പൂർത്തിയാക്കി ബില്ല് സമർപ്പിക്കുന്നമുറയ്ക്ക് ബില്ല് സമർപ്പണത്തിന്റെ മുൻഗണനാ ക്രമത്തിൽ സമയബന്ധിതമായിത്തന്നെ ബിൽത്തുക അനുവദിക്കുകയാണ് ചെയ്യുന്നത്.

ഭൂമി തരംമാറ്റുന്നതിനുള്ള ഫീസ് ഏകീകരണം

231 (980) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ന മുൻപ് നികത്തിയ നിലം 25 സെന്റിന് താഴെയെങ്കിൽ സൗജന്യമായി തരംമാറ്റുന്നതിനും അതിന് മുകളിലുള്ള ഭൂമി തരംമാറ്റുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങളുടെ ഫീസ് ഏകീകരിച്ചും സർക്കാർ ഉത്തരവാകുകയുണ്ടായോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?